ഡോക്ടർ എ. ആർ. മേനോൻ: കിട്ടീട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തിൽ റസല്യൂഷൻ പാസ്സാക്കി ഗവൺമെൻറിലേക്കയച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല.

മിസ്റ്റർ വി. കെ. കൂട്ടി: പഞ്ചായത്തുകാർ തിരഞ്ഞെടുത്തിട്ടല്ലെ അങ്ങേ ഫം പഞ്ചായത്തു് പ്രസിഡെണ്ടായതു"?

ഡോക്ടർ എ. ആർ. മേനോൻ: അതെ.

NOMINATIONS—VELUKKARA PANCHAYAT

65. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് സഭയെ മറുപടി പറയുമോ.—

(എ) വേളക്കര പഞ്ചായത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടവരിൽ സവർണർ എത്ര; ക്രിസ്ത്യാനികൾ എത്ര; ഈഴവർ എത്ര;

(ബി) നോമിനേറ്റുചെയ്ത മെമ്പർമാരിൽ സവർണർ എത്ര; അവർണർ എത്ര; അഹിന്ദു എത്ര;

(സി) ഈ നോമിനേഷനുവേണ്ടി മുസ്ലിം സമുദായത്തിൽ നിന്നും അവശസമുദായങ്ങളിൽനിന്നും അധഃകൃത സമുദായങ്ങളിൽ നിന്നും എത്ര അപേക്ഷകൾ അധികൃതസ്ഥാനങ്ങളിൽ കിട്ടീട്ടുണ്ടു";

(ഡി) തിരഞ്ഞെടുപ്പിനു നിന്നു മത്സരിക്കുവാൻ ശക്തിയില്ലാത്ത ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നും അധഃകൃതസമുദായങ്ങളിൽ നിന്നും ആരേയും നോമിനേറ്റു ചെയ്യാതിരിപ്പാൻ വല്ല കാരണവും ഉണ്ടെങ്കിൽ അവകൾ എന്തെല്ലാം?

ഡോക്ടർ എ. ആർ. മേനോൻ: (എ) സവർണൻ ൧; ക്രിസ്ത്യാനികൾ ൨; ഈഴവർ ൨.

(ബി) സവർണർ ൨; അവർണൻ ഇല്ല; അഹിന്ദു ഇല്ല.

(സി) മുസ്ലിം സമുദായത്തിൽ നിന്നു് ൧; അവശസമുദായങ്ങളിൽ ഈഴവരിൽ നിന്നു് ൧; അധഃകൃതസമുദായത്തിൽ നിന്നും അപേക്ഷകൾ ഇല്ല.

(ഡി) ഏതു സമുദായത്തിനാണു പ്രാതിനിദ്ധ്യം പോരാ എന്നു ചോദ്യത്തിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്തതിനാൽ ഉത്തരം പറയുന്നതിനു നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പടന്ന സമുദായത്തിൽ നിന്നും അപേക്ഷ കിട്ടീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: കിട്ടീട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മുസ്ലിം സമുദായത്തിൽനിന്നു് അപേക്ഷ കിട്ടീട്ടു് ആ സമുദായം തിരെ പ്രതിനിധീകരിക്കാത്ത ഈ പഞ്ചായത്തിൽ അവരെ നോമിനേറ്റു് ചെയ്യാതിരിക്കുവാൻ കാരണമെന്താണു"?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: ഒരു ഹർജി കിട്ടീട്ടുണ്ട്. അതിൽ നൂറിൽ ചിലപേരുടെ കള്ള ഒപ്പുകളും ഇട്ടിട്ടുണ്ട്. അതു കാരണം അ ഹർജിയെക്കുറിച്ച് അതു വകവെച്ചില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് കള്ള ഹർജിയാണെന്നു് തെളിയിക്കാമോ?

ഡോക്ടർ എ. ആർ. മേനോൻ: തെളിയിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കള്ള ഹർജിയാണെങ്കിൽ അതിനെ സംബന്ധിച്ച് മേൽ നടപടി നടത്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അതു് എങ്ങിനെയാണ് കണ്ടുപിടിക്കുക. ഒരാളുടെ കയ്യക്ഷരത്തിൽതന്നെ ചില ക്രാസു മാക്കുകളും വേറെ ചില വാകകളും ഇട്ടിരിക്കുകയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സംഗതിയിൽ മുസ്ലീം സമുദായം ഹർജി കൊടുത്തിട്ടില്ലെന്നു് അന്വേഷണത്തിൽ ഗവൺമെൻറിനു് മനസ്സിലായിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഒരു ഹർജി കിട്ടിട്ടുള്ളതു് ഞാൻ മുമ്പു് പറഞ്ഞതരത്തിലാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഹരജിയിൽ ഒപ്പിട്ടിട്ടുള്ളതു് കള്ളമാണെന്നു് കണ്ടപ്പോൾ അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: വെറുതെ വളരെപ്പേരുടെ പേരുകളെഴുതി ഒരാൾതന്നെ കുഞ്ഞമ്മതു് ഹാജി, കുഞ്ഞമ്മതു് എന്നൊക്കെ ഒപ്പിട്ടിരിക്കുയാണു്.

I wanted to take legal action. But those innocent people do not know anything. Some clever fellows did all this.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: Apart from the signatures, I want to know whether the Hon'ble Minister went into the question of the merits of the petition?

Dr. A. R. Menon *(Minister for Rural Development)*: Yes. I did it.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഈ വില്ലേജിൽ മുസ്ലീം ജനസംഖ്യ എത്രയുണ്ടെന്നു് പറയാമോ?

ഡോക്ടർ എ. ആർ. മേനോൻ: നൂറിൽ ചിലപേരാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഹരജിയിൽ എത്ര ആളുകൾ ഒപ്പിട്ടിട്ടുണ്ടായിരുന്നു?

ഡോക്ടർ എ. ആർ. മേനോൻ: നൂറ്റി-ൽ ചിലപേരാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതു വില്ലേജിലാണു്?

ഡോക്ടർ എ. ആർ. മേനോൻ: ഈ പ്രസിഡണ്ടു് റപ്രസൻറു ചെയ്യുന്ന വില്ലേജിൽ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഈ പഞ്ചായത്തിൽ എത്ര വില്ലേജുകളുണ്ട്"?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെയല്ല. റപ്രസൻറ്" ചെയ്യുന്ന വില്ലേജ്". ഒരു പഞ്ചായത്തിൽ പല സെക്"ഷനും ഉണ്ടായിരിക്കുമല്ലൊ?

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഈ പഞ്ചായത്തിലേക്കുള്ള നോമിനേഷൻ ഒരു മുസ്ലീമിനു കൊടുക്കണമെന്നല്ലേ അപേക്ഷയിൽ പറഞ്ഞിട്ടുള്ളതു"?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെ ആരും അപേക്ഷിച്ചിട്ടില്ല. ഈ ഒരു കള്ള ഹർജി മാത്രമെ കിട്ടിട്ടുള്ളു.

Mr. A. V. Moothedan *(Chalakkudi):* Was it not presented by an Hon'ble Member of this House?

Dr. A. R. Menon *(Minister for Rural Development):* I decline to answer that question.

Mr. V. K. Krishnankutty *(Ezhuvas-Trichur):* Was it presented by anybody, or was it sent by post?

Dr. A. R. Menon *(Minister for Rural Development):* It was presented to me.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ ഒപ്പുകളെല്ലാം കള്ളമാണെന്നുള്ളതു" മിനിസ്റ്റർക്കു തെളിയിക്കുവാൻ സാധിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ: സാധിക്കും.

മിസ്റ്റർ കെ. അയ്യപ്പൻ: സാധിക്കുമെങ്കിൽ അതിനെപ്പറ്റി നടപടി നടത്താമോ?

ഡോക്ടർ എ. ആർ. മേനോൻ: അതിനു വഴിയില്ലാത്തതുകൊണ്ടു" നിവൃത്തിയില്ല. "ആരു" ഒപ്പിട്ടു എന്നു" എങ്ങിനെ അറിയും?

Mr. K. Ayyappan *(Ezhuvas-Kanayannur):* If it was sent to the Police Commissioner, he would have made enquiries.

Dr. A. R. Menon *(Minister for Rural Development):* They will conduct an investigation and they are persons trained for that purpose.

Mr. A. V. Moothedan *(Chalakkudi):* How can the Hon'ble Minister be acquainted with all those signatures?

Dr. A. R. Menon *(Minister for Rural Development):* After the Council, you come with me; I will show it to you and then you will be convinced.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഉത്തരവാദപ്പെട്ട ഒരാൾ കൊടുത്ത ഒരു ഹർജിയിലെ ഒപ്പുകൾ കള്ളമാണു" എന്നു പറയുന്നു; അതിനെ സംബന്ധിച്ചു" ശരിയായ നടപടി നടത്തണം, അല്ലെങ്കിൽ മിനിസ്റ്റരവർകൾ ഇവിടെ ചെയ്ത ഈ പ്രസ്താവനയെ പിൻവലിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: സത്യം പറയുകയാണെങ്കിൽ പിൻവലിക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ കൌൺസിലിലെ ഒരു മെമ്പർ കൊടുത്ത ഹർജിയിൽ കള്ള ഒപ്പിട്ടിട്ടുണ്ടെന്നു പറഞ്ഞാൽ അതു വള രെ ഗൌരവമേറിയ ഒരു സംഗതിയാണു". അതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിക്കേണ്ടതാണു".

ഡോക്ടർ എ. ആർ. മേനോൻ: ഈ കൌൺസിലിലെ ഒരു മെമ്പറും ഹർജി തന്നിട്ടില്ല.

Mr. A. V. Moothedan *(Chalakkudi):* I assert that a member presented the petition.

Dr. A. R. Menon *(Minister for Rural Development):* You may assert, but I say that a member of the Legislative Council did not present the petition.

Mr. President: When the Hon'ble Minister gives a categorical statement, how can you question that?

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻ കയ്മൾ: ഒരു ടിക്കിലുള്ള എല്ലാ സ്വന്തപക്ഷ സമുദായക്കാരും പ്രതിനിധീകരിച്ചുകൊള്ളണമെന്നു നിയമമുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല.

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻ കയ്മൾ: മെനോറിട്ടി കമ്മ്യണിറ്റിസ് പത്തോ പതിനഞ്ചോ ഉണ്ടെങ്കിൽ അവരെല്ലാം പ്രതിനിധീകരിച്ചുകൊള്ളണമെന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങനെ കമ്മ്യണിറ്റിസിനും പ്രാതിനിധ്യം വേണ്ടിടത്തോളം കൊടുക്കുന്നുണ്ടു".

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നോമിനേറ്റുചെയ്തിട്ടുള്ളതു് ഏതു കമ്മ്യണിറ്റിയിൽ നിന്നാണു്?

Dr. A. R. Menon *(Minister for Rural Development):* This was the question for the vote of censure, and one full day was taken for discussion on that subject. I have nothing further to add.

Mr. A. B. Salem *(Mattancheri):* On a point of order, Sir. Should not the Hon'ble Member make himself responsible for the statement that a member of this Council presented the petition? The House wants to know on what grounds he made that statement. When the Minister says that no member presented the petition, the Member for Chalakkudi asserts that it was presented by a Member of this House.

Mr. A. V. Moothedan *(Chalakkudi):* I assert that a Member of the House presented the petition. If you want more information on that subject, you may refer to the Council Proceedings.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* A member of the Legislative Council did not present the petition.

Mr. A. V. Moothedan *(Chalakkudi):* It might have been presented through an agent, servant or boy. That I do not know.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പഞ്ചായത്തിലേക്ക് ഒരു സവർണ്ണനെ തിരഞ്ഞെടുത്തിട്ടുള്ളതു് ഒരു അമ്പലവാസിയല്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ആതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നോമിനേറു ചെയ്തിട്ടുള്ളതു് അമ്പലവാസിയെയല്ലെ?

ഡോക്ടർ എ. ആർ. മേനോൻ: അല്ല, നായരെയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിലൊന്ന് അങ്ങിനെ, മറെറതോ?

ഡോക്ടർ എ. ആർ. മേനോൻ: ഒന്നു നായർ, മറെറാന്ന് അമ്പലവാസി.

Mr. A. B. Salem *(Mattancheri):* I would request the Member for Chalakkudi to withdraw that statement; because he reiterates the statement that a member of the Council presented the petition.

Mr. K. Ayyappan *(Ezhuvas-Kanayannur):* There are two categorical statements. One from the Member for Chalakkudi and the other from the Hon'ble Minister. Who is to withdraw?

Mr. President: Neither of them will withdraw.

AGRICULTURAL INSPECTORS—TRANSFERS OF

66. Mr. A. Eachara Menon *(Chittur-Rural):* Will the Government be pleased to state.—

(*a*) why was Agricultural Inspector Mr. Kochappa Menon retransferred to Chittur;

(*b*) was it not after due consideration that transfers of Agricultural Inspectors were made recently;

(*c*) what amount did the Government lose by way of travelling allowance of these officers who were recently transferred at the first hand and retransferred with no long delay?

Dr. A. R. Menon *(Minister for Rural Development):*

(*a*) The retransfer was in the interest of Tobacco cultivators.

(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly